# സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ്- ജീവനകാര്യം -സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ II തസ്തികകൾ മാറ്റിയും, ജീവനക്കാരെ നിയമിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സ.ഉ.(സാധാ) 475/2015/ആ.സാ.വ തീയതി 13/11/2015 നമ്പർ ഉത്തരവ്.
2. 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.96/2016 നമ്പർ വിധിന്യായം.
3. സ.ഉ (സാധാ)346/2017/ആ.സാ.വ തീയതി 03/06/2017 ലെ നമ്പർ കത്ത്.
4. 16/01/2018, 30/04/2018, 22/05/2018, 24/05/2018, 20/07/2018, 14/09/2018, 03/07/2019 എന്നീ തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ ഉത്തരവുകൾ.
5. ഈ ഓഫീസിലെ 11/11/2019 ലെ ഇ.എ(1) 2019/2019/ ഡിഇഎസ് നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ.ഇ.എ (1)24408/2014/ഡിഇഎസ്, തീയതി :11/11/2019

ഈ വകുപ്പിലെ കോട്ടയം, വയനാട് ജില്ലകളിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ ഗ്രേഡ്-II അനുപാതം ക്രമീകരിക്കുന്നതിനായുള്ള പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ആഫീസിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേക്കും കോട്ടയം ജില്ലയിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അതനുസരിച്ച് പരാമർശം (4) ലെ നടപടിക്രമങ്ങൾ പ്രകാരം നിലവിൽ എട്ട്തസ്തികകൾ വീതം ടി ജില്ലകളിൽ മാറ്റി നിയമിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം വയനാട് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ വന്നിരിക്കുന്ന ഒരു ഒഴിവ് കോട്ടയം ജില്ലയിലേക്ക് മാറ്റി ഉത്തരവാകുന്നു.

അതേ തുടർന്ന് കോട്ടയം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ശ്രീ.സോജി ജേക്കബിന്സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികകളിലെ സ്ഥലംമാറ്റങ്ങൾ ചുവടെ ചേർക്കും വിധം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും നിലവിലെ ആഫീസും | സ്ഥലംമാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1. | ശ്രീ.സോജി.ജേക്കബ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോട്ടയം. (അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, ഇടുക്കി (ശ്രീമതി.ഹസീന ഷാജഹാന് സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |
| 2 | ശ്രീമതി.ഹസീന ഷാജഹാൻ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, ഇടുക്കി (അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ജില്ലാ മൃഗസംരക്ഷണ ആഫീസ്, ഇടുക്കി (ശ്രീ,സുബ്രഹ്മണ്യൻ.ഒ-യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |
| 3. | ശ്രീ,സുബ്രഹ്മണ്യൻ.ഒ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ജില്ലാ മൃഗസംരക്ഷണ ആഫീസ്, ഇടുക്കി (അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, വയനാട് (തസ്തികമാറ്റി നിയമിക്കുന്നതിൻ പ്രകാരം വന്ന ഒഴിവ്) |

പ്രസ്തുത ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
**ഷിബു.എ.റ്റി**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോട്ടയം, ഇടുക്കി,വയനാട്
2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ആഫീസ്, ഇടുക്കി
3) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
5) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Pradeepa.y

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ**